## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 384** **01.12.2015-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി. യുടെ ആസ്തിയും കടബാധ്യതയും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി യുടെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ; | (എ) 2014-15-ലെ താത്കാലിക കണക്ക് പ്രകാരമുള്ള ആസ്തി 30693.14 കോടി രൂപയും, 23.11.2015-ലെ കടബാധ്യത 5905.11 കോടി രൂപയുമാണ്. |
| (ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എ സ്. ഇ. ബി. യുടെ കടബാധ്യത എത്രയായിരുന്നു ; വ്യക്തമാക്കുമോ ; | (ബി) 31.03.2011-ലെ കണക്കു പ്രകാരം 1384.13 കോടി രൂപയാണ്. |
| (സി) കെ.എ സ്. ഇ. ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം ലഘൂകരിക്കുവാനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ; | (സി) വായ്പയുടെയും പലിശയിനത്തിൽ പ്രതിമാസം അടയ്ക്കേണ്ട തുകയുടെയും സ്ഥാപനം തിരിച്ചുള്ള വിവരം **<u>അനുബന്ധം 1 ആയി</u>** ചേർത്തിരിക്കുന്നു. |
| (ഡി) കടം ലഘൂകരിക്കണം എന്ന പേരു പറഞ്ഞ് ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു ; യൂണിറ്റിന് ഓരോ പ്രാവശ്യം എത്ര രൂപ നിരക്കിൽ എത്ര പ്രാവശ്യം സെസ്സ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ എത്ര പ്രാവശ്യം കോഷൻ ഡപ്പോസിറ്റ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ ; വർഷം തിരിച്ച് വിശദമാക്കുമോ ? | (ഡി) വൈദ്യുതി ബോർഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന അതിന്റെ പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച (ARR & ERC) പെറ്റീഷനു മേൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, ഇലക്ട്രിസിറ്റി ആക്ട്-2003-ലെയും താരിഫ് പോളിസിയിലെയും വ്യവസ്ഥകൾ അനുസരിച്ച് തീർപ്പ് കൽപ്പിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ഇപ്രകാരം, പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇലക്ട്രിസിറ്റി ബോർഡ് കമ്മീഷൻ മുമ്പാകെ താരിഫ് |

പെറ്റീഷൻ സമർപ്പിക്കുകയും നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കമ്മീഷൻ താരിഫ് പരിഷ്കരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്നു പ്രാവശ്യം അതായത് 01.07.2012 മുതലും, 01.05.2013 മുതലും, 16.08.2014 മുതലുമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്.

വൈദ്യുതി ചാർജിൽ ഓരോ തവണയും വരുത്തിയ വർദ്ധനവിന്റെ വിശദാംശങ്ങൾ **അനുബന്ധം-2 ആയി** ചേർത്തിരിക്കുന്നു.

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജിൻമേൽ സെസ്സ് ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ്തുക വർഷം തോറും വർദ്ധിപ്പിച്ച് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല. എന്നാൽ 01.04.2014 മുതൽ നിലവിൽവന്ന കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡിലെ ചട്ടങ്ങൾ പ്രകാരം മാസം തോറും ബില്ലു ചെയ്യപ്പെടുന്ന ഉപഭോക്താവ്, എഗ്രിമെന്റ് കാലയളവിൽ പ്രതിമാസ ശരാശരി ബിൽ തുകയുടെ രണ്ടിരട്ടിതുകയും, ദ്വൈമാസം ബില്ലു ചെയ്യപ്പെടുന്ന ഉപഭോക്താവ് പ്രതിമാസ ശരാശരി ബിൽ തുകയുടെ മൂന്നു മടങ്ങിനു തുല്യമായ തുകയും, ലൈസൻസിയിൽ കരുതൽ നിക്ഷേപം (സെക്യൂരിറ്റി ഡെപ്പോസിറ്റ്) ആയി നിലനിർത്തേണ്ടതുണ്ട്.

എന്നാൽ പ്രതിമാസം 30 യൂണിറ്റിനു താഴെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കളും, മുൻകൂറായി പണമടച്ച് ചാർജ് ചെയ്യാവുന്ന തരത്തിലുള്ള മീറ്റർ സ്ഥാപിച്ചിട്ടുള്ള (pre-paid meter) ഉപഭോക്താക്കളും കരുതൽ നിക്ഷേപം നിലനിർത്തേണ്ടതില്ല.

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിലുള്ള പാദവർഷത്തിൽ ലൈസൻസിയുടെ പക്കലുള്ള കരുതൽ തുക മുൻ സാമ്പത്തിക വർഷത്തിലെ പ്രതിമാസ ശരാശരി ബിൽ തുകയുടെ നിശ്ചിത മടങ്ങിനു തുല്യമാണോ എന്ന് പരിശോധിക്കുന്നതും കരുതൽ നിക്ഷപത്തുക അധികമാണെങ്കിൽ

ഉപഭോക്താവിന് തിരികെ നൽകുന്നതും (പരമാവധി രണ്ട് ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതും) നിക്ഷേപത്തുക കുറവാണെങ്കിൽ, ഉപഭോക്താവിന്റെ പക്കൽ നിന്നും കുറവുള്ള തുക ഈടാക്കുന്നതുമാണ്.

കൂടാതെ ലൈസൻസിയുടെ പക്കലുള്ള കരുതൽ നിക്ഷേപത്തിന്, ബാങ്ക് നിരക്കിലുള്ള പലിശ ലൈസൻസി നൽകേണ്ടതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്